ഒരു സൊസൈറ്റി പുതിയതായി രൂപീകരിച്ചിട്ടുണ്ട്. ഇതുപ്രകാരം നാളിതുവരെ 78 പേർക്ക് ചികിത്സാ ധനസഹായം നൽകിയിട്ടുണ്ട്. ഇതുകൂടാതെ നിർദ്ധനരായ രോഗികൾക്കായി ആരോഗ്യവകുപ്പ് ആരോഗ്യ വകുപ്പുമന്ത്രിയുടെ ക്ഷേമനിധിയിൽനിന്നും സഹായം അനുവദിക്കാറുണ്ട്.

(സി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

ആരോഗ്യരക്ഷ

12 (*158)ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ബി. വിജയകുമാർ :
ശ്രീ. കെ.സി. ജോസഫ് :
ശ്രീ. വി. ബാലറാം :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ ജനങ്ങളുടെ ആരോഗ്യ കാര്യങ്ങളിൽ ശ്രദ്ധപതിപ്പിക്കുന്നതിന്റെ ഭാഗമായി 'ആരോഗ്യരക്ഷ' ജനങ്ങളിൽ എത്തിക്കുന്നതിന് ഗവൺമെന്റിന് എന്തെങ്കിലും പരിപാടിയുണ്ടോ;

(ബി) പാവപ്പെട്ട ഗ്രാമീണരെ വിവിധ രോഗങ്ങൾ എത്രമാത്രം ബാധിച്ചിട്ടുണ്ടെന്നറിയുന്നതിന് മെഡിക്കൽ സംഘങ്ങൾ ഗ്രാമങ്ങളിൽപോയി അവരെ പരിശോധിക്കുന്നതിനും ആവശ്യമുള്ളവർക്ക് വേണ്ട ചികിത്സ നൽകുന്നതിനുമുള്ള ഒരു പദ്ധതി ആവിഷ്കരിക്കുവാൻ ഉദ്ദേശമുണ്ടോ;

(സി) എങ്കിൽ വിശദാംശം നൽകുമോ?

ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) :

(എ)-(സി) പൊതുജനാരോഗ്യം, രോഗപ്രതിരോധം, രോഗനിവാരണം, കുടുംബക്ഷേമം എന്നീ വിവിധനിലയിൽ ഗ്രാമീണജനതയുടെ ആരോഗ്യരക്ഷയ്ക്കായി നടപടികൾ കൈക്കൊണ്ടുവരുന്നു. രോഗപ്രതിരോധ കുത്തിവയ്പ്പുകൾ, മാരക രോഗങ്ങൾക്കെതിരെ ബോധവൽക്കരണം എന്നിവയും നടത്തിവരുന്നുണ്ട്. ഭാരത സർക്കാരിന്റെ ആരോഗ്യപരിപാടികളുടെ ഭാഗമായി താഴെപ്പറയുന്ന ആരോഗ്യപരിപാടികൾ മുഖേന ഗ്രാമങ്ങളിലെ പ്രൈമറി ഹെൽത്ത് സെന്റർ, ബ്ലോക്കുതല പി.എച്ച്.സി., സി.എച്ച്.സി.കൾ എന്നിവയിലൂടെ വൈദ്യസേവനം ലഭ്യമാക്കുന്നുണ്ട്.

1. ദേശീയ കുഷ്ഠരോഗ നിർമ്മാർജ്ജന പരിപാടി.
2. ദേശീയ ക്ഷയരോഗ നിവാരണ പരിപാടി.
3. ദേശീയ കുടുംബക്ഷേമ പരിപാടി.
4. ദേശീയ മലമ്പനി നിർമ്മാർജ്ജന പരിപാടി.
5. ദേശീയ മന്തുരോഗ നിയന്ത്രണ പരിപാടി.
6. ദേശീയ അന്ധതാ നിവാരണ പരിപാടി.
7. ദേശീയ മാനസികാരോഗ്യ പരിപാടി.
8. ദേശീയ പോഷകാഹാര പരിപാടി.
9. ദേശീയ വികലാംഗക്ഷേമ പരിപാടി

LIBRARY ARCHIVES Kerala Legislative Assembly

10. ദേശീയ എയ്ഡ്സ് നിയന്ത്രണ പരിപാടി.

11. ദേശീയ പോളിയോ നിർമ്മാർജ്ജന പരിപാടി.

ഈ പദ്ധതി/പരിപാടികളുടെ നടത്തിപ്പിനായി പ്രവർത്തിക്കുന്ന ജീവനക്കാർ ഗ്രാമങ്ങളിൽ ഉൾപ്രദേശങ്ങളിലും മറ്റും സഞ്ചരിച്ച് പരിശോധന നടത്തുകയും ചികിത്സ നിശ്ചയിക്കുകയും ചെയ്യാറുണ്ട്. അതാതു പ്രദേശത്തെ ആവശ്യകത കണക്കിലെടുത്ത് മെഡിക്കൽ ചെക്കപ്പ്/ചികിത്സാ ക്യാമ്പുകൾ, ബോധവൽക്കരണ ക്യാമ്പുകൾ എന്നിവ നടത്താറുണ്ട്. അവികസിത മേഖലകളിൽ മൊബൈൽ യൂണിറ്റ് ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ട്. ഗ്രാമീണമേഖലയിലെ ആശുപത്രികളിലെ ചികിത്സാ സൗകര്യം മെച്ചപ്പെടുത്തുന്നതിനായി പി.എച്ച്.സി.കളെ സി.എച്ച്.സി കളാക്കി ഉയർത്തി വിദഗ്ധ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുന്നു. ആധുനിക രോഗനിർണ്ണയ ചികിത്സാ ഉപകരണങ്ങൾ ലഭ്യമാക്കുന്നു. പ്രതിമാസം 1500 രൂപയിൽ താഴെമാത്രം വരുമാനമുള്ളവർക്ക് സർക്കാർ ആശുപത്രികളിൽ ചികിത്സ പൂർണ്ണമായും സൗജന്യമായാണ് ലഭ്യമാക്കുന്നത്.

വിദേശ മലയാളികളുടെ ക്ഷേമം

13 (*159) പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ മലയാളികളുടെ ക്ഷേമത്തിനായി എന്തെല്ലാം നടപടികൾ ഈ സർക്കാർ സ്വീകരിച്ചിട്ടുണ്ട്;

(ബി) ഇവർക്കുവേണ്ടി ഏർപ്പെടുത്തിയ "പ്രവാസി ക്ഷേമ" വകുപ്പിന്റെ പ്രവർത്തനം വിവരിക്കുമോ;

(സി) ഇതുവഴി എന്തെല്ലാം തരത്തിലുള്ള സേവനമാണ് വിദേശ മലയാളികൾക്ക് ലഭിക്കുന്നത്;

(ഡി) വിദേശ രാജ്യങ്ങളിൽ ജയിലിൽ കഴിയുന്ന മലയാളികളെ സംബന്ധിച്ച് സർക്കാർ എന്തെങ്കിലും പഠനം നടത്തുകയുണ്ടായോ;

(ഇ) വിശദാംശം വ്യക്തമാക്കുമോ;

(എഫ്)ഇവരെ നാട്ടിലെത്തിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

(എ)-(സി) പ്രവാസി കേരളീയരുടേയും മറുനാടൻ മലയാളികളുടേയും പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും അവരുടെ ക്ഷേമപ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനുമായി രൂപംകൊടുത്ത പ്രവാസി കേരളീയകാര്യ വകുപ്പ് 1996 ഡിസംബർ 6-ന് നിലവിൽ വന്നു.

വിദേശ രാജ്യങ്ങളിൽ ജോലിചെയ്യുന്ന കേരളീയർക്കായി പ്രവാസി സുരക്ഷാ സാമൂഹ്യക്ഷേമ പദ്ധതിയെന്ന അപകട ഇൻഷ്വറൻസ് പദ്ധതി 1997 മേയിൽ ആരംഭിച്ചു. ഈ പദ്ധതി കൂടുതൽ വിപുലീകരിക്കുകയും അവരുടേയും അവരുടെ കുടുംബാംഗങ്ങളുടേയും ചികിത്സ ചെലവ് നേരിടുന്നതിനായി പ്രവാസി സുരക്ഷാ കുടുംബ ആരോഗ്യ എന്ന പദ്ധതി നടപ്പിലാക്കുകയും ചെയ്തു. പ്രവാസി സുരക്ഷാ പദ്ധതിയിൽ ഇതുവരെ ഏകദേശം 1,10,000 പേർ അംഗത്വം സ്വീകരിച്ചു. 130 ലക്ഷം രൂപ സഹായധനമായി വിത

LIBRARY ARCHIVES Kerala Legislative Assembly